● എ. ഇ പേരാമ്പ്ര

# ഇസ്‌ലാമോഫോബിയയുടെ രൂപാന്തരങ്ങൾ

**ഇസ്‌ലാംഭീതിയുമായി** മലയാളത്തിലടക്കം പത്ര പ്രസിദ്ധീകരണങ്ങളും പോലീസ് കേന്ദ്രങ്ങളും സർവോപരി സംഘ്പരിവാരങ്ങളും നാടു നിറഞ്ഞാടുമ്പോൾ, വിശ്വാസികളായി പിറന്നതിൽ മാപ്പുസാക്ഷിത്വത്തിലേക്ക് ചുരുണ്ടുകൂടുകയും ഭീതിയോടെ നിസ്സംഗരായി മാറുകയും ചെയ്യുകയാണ് കേരള മുസ്‌ലിംകൾ.

രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിന് മറ്റാരെക്കാളും മുമ്പേ അടർക്കളത്തിലിറങ്ങുകയും ജീവൻ നൽകുകയും ചെയ്തൊരു സമൂഹം നാടിന്റെ പൊതു മണ്ഡലങ്ങളിൽനിന്ന് നിഷ്കാസിതരായി അടങ്ങിയൊതുങ്ങി കഴിയണമെന്നത് ഫാഷിസത്തിന്റെ തിട്ടൂരമാണ്. റിട്ടേർഡ് ജനറൽമാരും ജഡ്ജിമാരും ഐ.പി.എസ്, ഐ.എ.എസ്, ഐ.എഫ്.എസ് വൃന്ദങ്ങളും അറിയപ്പെടുന്ന മാധ്യമ പ്രവർത്തകരും ഫാഷിസ്റ്റുകളുടെ മെഗാഫോണുകളോ അവരുടെ താൽപര്യസംരക്ഷകരോ ആയി മാറുന്ന കാഴ്ചയാണ് നാം കാണുന്നത്. രാജ്യസ്നേഹത്തിന്റെ ലേബലൊട്ടിച്ച് എല്ലായിടങ്ങളിലും ഗുജറാത്ത് ആവർത്തിക്കാനും കൊലയും കൊള്ളയും വ്യാപിപ്പിച്ച് അധികാര സോപാനങ്ങളിലേക്ക് നടന്നുകയറാനും തീവ്രശ്രമം നടത്തിക്കൊണ്ടിരിക്കുന്ന ഫാഷിസത്തിന്റെ മണ്ണൊരുക്കൽ പ്രക്രിയയാണ് നടന്നുകൊണ്ടിരിക്കുന്നത്. ആ ദൗത്യം തന്നെയാണ് മലയാള മാധ്യമങ്ങൾ ഏറ്റുപിടിച്ചിരിക്കുന്നതും. ഈയിടെ തെങ്കാശിയിലെ സംഘ്പരിവാർ ആസ്ഥാനത്ത് സ്ഫോടനം നടത്തിയതുൾപ്പെടെ തെളിയിക്കപ്പെട്ടതും അല്ലാത്തതുമായ അനേകം പദ്ധതികൾ വർഗീയഫാഷിസം അതിനായി ആസൂത്രണം ചെയ്തു. ദൈവസഹായം ഒന്നുകൊണ്ടു മാത്രം പലപ്പോഴും ഇത്തരം ആസൂത്രണങ്ങൾ പാളിപ്പോവുകയും നാട് രക്ഷപ്പെടുകയും ചെയ്യുന്നു.

ഈയിടെ മലയാള മാധ്യമങ്ങളിൽ വന്നതും അവസാനം ചീറ്റിപ്പോയതുമായ കർണാടക കലഘട്ടി വനത്തിലെ പാകിസ്താൻ സൈനിക ക്യാമ്പ് ഇത്തരത്തിലൊന്നു മാത്രം. സൊഹ്റാബുദ്ധീൻ ശൈഖുമാരാകാൻ വിധിക്കപ്പെട്ട ആയിരങ്ങൾ പലയിടങ്ങളിലും തടവറകളിൽ കഴിയുന്നു. നിത്യവൃത്തിക്ക് വഴികാണാനും കുടുംബം പുലർത്താനുമായി വീടുവിട്ടിറങ്ങുന്ന ചെറുപ്പക്കാരിൽ പലരും മുഖ്യമന്ത്രിയെ വധിക്കാൻ വന്നവരായും, സ്ഫോടനത്തിനായി ആയുധം സംഭരിച്ചവരായും മാധ്യമങ്ങളിൽ നിറയുന്നു. പോലീസ് ഭാഷ്യത്തിന് സ്ഥിരീകരണം നൽകുന്ന അത്ഭുത കഥകളുമായ് മാധ്യമങ്ങൾ അവതരിക്കുമ്പോൾ ഇത്തരം വാർത്തകൾ അപ്പാടെ വിശ്വസിക്കുന്ന ഒരു പൊതുബോധം നിർമിച്ചെടുക്കുന്നതിൽ സാമ്രാജ്യത്വ, ഫാഷിസ്റ്റ് കൂട്ടായ്മകൾ വളരെയേറെ വിജയിച്ചതായി കാണാം. മക്കാ മസ്ജിദിലടക്കം സ്ഫോടനക്കേസുകളിലെ പ്രതികൾ മുസ്‌ലിംകളായത് ഈ ആസൂത്രണ പാടവത്തിന്റെ വിജയമാണ്. ഇങ്ങനെ ജീവിതം തിരിച്ചുകിട്ടുന്നവർ ഭാഗ്യവാന്മാർ; ഏറ്റുമുട്ടൽ നാടകത്തിലെ വില്ലനായി എവിടെയെങ്കിലും മരിച്ചു വീഴാനായിരിക്കും പലരുടേയും വിധി. ഇത്തരം ആയിരക്കണക്കിൽ 'കുറ്റവാളികൾ' നാടിന്റെ പല ഭാഗങ്ങളിലായി അഴിയെണ്ണുകയും കുടുംബം കണ്ണീർ കുടിക്കുകയും ചെയ്യുന്നു. കുറ്റം ചെയ്തവർ തീർച്ചയായും ശിക്ഷിക്കപ്പെടണം. അത് സമൂഹത്തിന്റെ ആരോഗ്യകരമായ നിലനിൽപിന് അത്യാവശ്യമാണ്. പക്ഷേ, എന്ത് കുറ്റകൃത്യം നടന്നാലും അതൊരു പ്രത്യേക സമുദായക്കാരാണെന്ന ധാരണ സമൂഹത്തിൽ പടരുന്നത് നേരത്തെപ്പറഞ്ഞ ഫാഷിസവത്കൃത മീഡിയയുടെ സ്വാധീനം കൊണ്ടാണ്.

ബോംബ് സ്ഫോടനമാരോപിച്ച് മുഹ്സിൻ എന്ന വിദ്യാർഥിയെ അറസ്റ്റു ചെയ്തതും കുറ്റ സമ്മതപത്രം ഒപ്പിട്ടു കൊടുത്താൽ മോചിപ്പിക്കാമെന്ന് പറഞ്ഞതും, അവസാനം യഥാർഥ പ്രതി പിടിയിലായപ്പോൾ മാനസിക രോഗിയായി മാറിയതും നാം മറന്നുതുടങ്ങുമ്പോഴേക്കും പുതിയ ഇരകൾക്കായി ഇന്ത്യയുടെ സിലിക്കൺവാലിയിലും പ്രഫഷനൽ വിദ്യാഭ്യാസ കേന്ദ്രങ്ങളിലും വലയിട്ട് കാത്തിരിക്കുകയാണ് സംഘ്പരിവാർ പ്രഭൃതികൾ. ആരേയും വിലക്കെടുക്കാൻ പോന്ന വിദേശ ഇന്ത്യക്കാരടക്കമുള്ള കോടീശ്വരന്മാരുടെ പരിവാർബന്ധം ഗുജറാത്ത് കലാപത്തിലും അതിനുശേഷം നടന്ന ഇലക്ഷനിലും പ്രകടമായതാണ്. ഉയർന്ന വിദ്യാഭ്യാസവും ലക്ഷ്യബോധവുമുള്ള യുവാക്കളെ പിടികൂടുന്നതിനു പിന്നിൽ കൃത്യമായ അജണ്ടയുണ്ട്. വിദ്യാഭ്യാസ-സാമൂഹിക- സാമ്പത്തിക മേഖലകളിൽ മുസ്‌ലിം സമുദായത്തെ ഒരിക്കലും സ്വയം പര്യാപ്തമാവാൻ അനുവദിക്കില്ല എന്നതാണത്. പല വർഗീയ കലാപങ്ങളിലും കൊലയും കൊള്ളയും കഴിയുന്നത്ര നടത്തുകയും, കൊള്ള ചെയ്യാൻ കഴിയാത്ത വസ്തുവകകൾ നശിപ്പിക്കുകയും ചെയ്യുന്നത് ഈ വിഭാഗങ്ങളുടെ സാമ്പത്തിക ഭദ്രത തകർക്കാൻ മാത്രമാണ്.

ചിക്മംഗ്ളൂരിൽ നിന്ന് തീവ്രവാദ ആരോപണവുമായി കസ്റ്റഡിയിലെടുക്കപ്പെട്ട വിദ്യാർഥിയുടെ വക്കാലത്ത് ഏറ്റെടുക്കുന്ന അഡ്വക്കേറ്റിനെ ബാർകൗൺസിൽനിന്ന് പുറത്താക്കുമെന്ന് പറയാൻ മാത്രം ഫാഷിസ ബാധ സമൂഹത്തിന്റെ സമസ്ത മേഖലകളിലും പിടിമുറുക്കിക്കൊണ്ടിരിക്കുകയാണ്. മഹാത്മജിയുടെയും ഇന്ദിര, രാജീവ്മാരുടെയും കൊലയാളികൾക്ക് വക്കീലന്മാർ കേസുനടത്തിയ നാട്ടിൽ കുറ്റം ആരോപിക്കപ്പെട്ടതിന്റെ പേരിൽ മാത്രം ബാർ കൗൺസിൽ ഇത്രമാത്രം ക്രുദ്ധരാവുന്നുവെങ്കിൽ ഇന്ത്യൻ മണ്ണ് ഫാഷിസത്തിന് അടിയറവെക്കപ്പെടുന്ന കാലം അകലെയല്ല.

തുമ്മിയത് മുസ്‌ലിമാണെങ്കിൽ ആഗോള ബന്ധമുള്ള അൽഖാഇദയുടെ സ്ലീപിംഗ് സെല്ലുകളുടെ ബോംബ് നിർമാണ പരിശീലനമാണെന്ന് അച്ചുനിരത്തുകയും, അയാളുമായി ബന്ധമുള്ള ലാപ്ടോപ്, ഖുർആൻ, പച്ചത്തുണി, മൊട്ടുസൂചി, ടെലഫോൺ ഡയറി, വിസിറ്റിംഗ് കാർഡ് മുതൽ കസ്റ്റഡിയിലെടുക്കുകയും കുടുംബക്കാരും സുഹൃത്തുക്കളുമായ മുഴുവനാളുകളേയും ജയിലഴിക്കുള്ളിലാക്കുകയും ചെയ്യുന്നത് ഇസ്‌ലാമോഫോബിയയുടെ ഇനിയും നാം തിരിച്ചറിഞ്ഞിട്ടില്ലാത്ത മാരകമായ രൂപാന്തരങ്ങളാണ്. ■